പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3763. 26-06-2012 ന് മറുപടിയ്ക്ക്

## അതിരപ്പിള്ളി ടൂറിസ്റ്റ് കേന്ദ്രത്തിൽ പാർക്കിംഗ് ഫീസും പ്രവേശന ഫീസും

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബി.ഡി. ദേവസ്സി : | ശ്രീ. കെ.ബി. ഗണേഷ് കുമാർ.<br>(വനവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി ) |
| എ) വനം വകുപ്പ് അതിരപ്പിള്ളി ടൂറിസ്റ്റ് കേന്ദ്രത്തിൽ പൊതുമരാമത്ത് റോഡിൽക്കൂടി എത്തിച്ചേരുന്ന വാഹനങ്ങളിൽ നിന്ന് പാർക്കിംഗ് ഫീസും, ടൂറിസ്റ്റുകളിൽ നിന്ന് പ്രവേശന ഫീസും എന്നു മുതലാണ് ഈടാക്കി തുടങ്ങിയത് ; | എ) 2001 മുതൽ. |
| ബി) പ്രസ്തുത ഇനങ്ങളിൽ നാളിതുവരെ എത്ര തുക വനം വകുപ്പിന് പിരിഞ്ഞു കിട്ടിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | ബി) മേൽ ഇനങ്ങളിലായി നാളിതുവരെ 3,14,16,220/- രൂപ പിരിഞ്ഞു കിട്ടിയിട്ടുണ്ട്. |
| സി) പ്രസ്തുത തുക ഏതെല്ലാം കാര്യങ്ങൾക്കായാണ് വിനിയോഗി ക്കുന്നതെന്ന് അറിയിക്കുമോ ; | സി) പ്രസ്തുത തുക സർക്കാർ ഖജനാവിലേക്ക് മുതൽ കൂട്ടുന്നു. |

........2

| | |
|---|---|
| ഡി) അതിരപ്പിള്ളിയിൽ ടൂറിസ്റ്റുകൾക്ക് അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ഡി) ടൂറിസ്റ്റുകളുടെ വാഹന പാർക്കിംഗുമായി ബന്ധപ്പെട്ട് അപര്യാപ്തത ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ഇ) എങ്കിൽ ടൂറിസ്റ്റുകൾക്ക് അവിടെയുള്ള അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | ഇ) അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കാർ പാർക്കിംഗ് സൗകര്യം വിപുലീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ